## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.42 — 26/04/2017-ൽ മറുപടിക്ക്

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് ബദൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.മമ്മൂട്ടി<br>,, എൻ. ഷംസുദ്ദീൻ<br>,, കെ.എം.ഷാജി<br>ഡോ.എം. കെ. മുനീർ | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുമായി മുന്നോട്ടു പോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയ്ക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 1998 ലും, 2005 ലും, 2007 ലും പാരിസ്ഥിതിക അനുമതി നൽകിയിരുന്നു. തുടർന്ന് വിവിധ പൊതുതാല്പര്യ ഹർജികൾ പരിഗണിച്ച് മന്ത്രാലയം 2007 ൽ നൽകിയ പാരിസ്ഥിതിക അനുമതി റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് 04.01.2010 ൽ കെ.എസ്.ഇ.ബി.എൽ -ന് നൽകുകയും ഇതിനുള്ള മറുപടി കെ.എസ്.ഇ.ബി.എൽ 2010 ജനുവരി മാസം തന്നെ മന്ത്രാലയത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഈ നോട്ടീസ് പിന്നീട് 09.10.2015 ൽ കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയം പിൻവലിക്കുകയും, പാരിസ്ഥിതിക അനുമതി 18.07.2017 വരെ നീട്ടിതരികയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്ക് ബദലായി ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ മറ്റേതെങ്കിലും പദ്ധതി കെ. എസ്. ഇ. ബി ഉൾപ്പെടെ ഏതെങ്കിലും ഏജൻസി സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവന്നിട്ടുണ്ടോ; | (ബി) | 163 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള അതിരപ്പിള്ളി പദ്ധതിയ്ക്ക് ബദലായി ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ പദ്ധതികളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. സർക്കാരിന്റെ പരിഗണനയിൽ അത്തരം പദ്ധതികളൊന്നും കൊണ്ടു വന്നിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ആ ബദൽ പദ്ധതിയുടെ വിശദവിവരങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; നിഗമനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ